A3-3011/2021

നം.പി.എൽ (2)/248055/2021/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 24..06..2021.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - 'മധുവാണി' - സംസ്കൃതം ഇന്ററാക്ടീവ് ഡി.വി.ഡി വിദ്യാലയങ്ങളിൽ വിതരണം നടത്തുന്നത് സംബന്ധിച്ച്.

സൂചന:- 18/02/2021 - ലെ എസ്.സി.ഇ.ആർ.ടി യുടെ കത്ത്.

*****

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്കൃത പഠനം രസകരമാക്കുന്നതിന് ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് സി-ഡിറ്റ് വികസിപ്പിച്ചെടുത്ത ഇന്ററാക്ടീവ് ഡി.വി.ഡി യാണ് 'മധുവാണി' . ടി ഡി.വി.ഡിയുടെ 4000 കോപ്പിയും 4000 കൈപുസ്തകങ്ങളും ഡി.ഇ.ഒ ഓഫീസുകളിൽ എത്തിക്കാനുള്ള നടപടി സി-ഡിറ്റ് സ്വീകരിച്ചിട്ടുണ്ട്. ഡി.ഇ.ഒ മാരുടെ മേൽ നോട്ടത്തിൽ സംസ്കൃത അക്കാദമിക് കൗൺസിൽ വഴി അവ സംസ്കൃതം പഠിയ്ക്കുന്ന വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്. 1- മുതൽ 10 വരെ ഒന്നിച്ച് പ്രവർത്തിക്കുന്ന ഹൈസ്കൂളുകൾ, ഹൈസ്കൂൾ അറ്റാച്ച്ഡ് അല്ലാത്ത യു.പി സ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവയ്ക്ക് ഒരു ഡി.വി.ഡിയും കൈപുസ്തകവും ആണ് വിതരണം ചെയ്യേണ്ടത്. ഡി.വി.ഡിയും കൈപുസ്തകങ്ങളും കൈപ്പറ്റിയ സ്കൂളിന്റെ ലിസറ്റും, ബാലൻസ് ഡി.വി.ഡിയും കൈപുസ്തകങ്ങളും ഡി.ഇ.ഒ മുഖാന്തിരം തിരികെ എസ്.സി.ഇ.ആർ.ടി യ്ക്ക് അയച്ചു കൊടുക്കേണ്ടതുമാണ് എന്ന് അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

സി.എ.സന്തോഷ്,
പെൻ : 362891
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പി.ആർ

പുറത്തെഴുത്ത് നമ്പർ: 3011/2021 തീയതി: 7/7/21

സംസ്കൃതം പഠിപ്പിക്കുന്ന സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ ചുമതലപ്പെടുത്തുന്ന ജീവനക്കാർ ചുമതലപ്പെടുത്തിയ കത്ത് സഹിതം 12/7/2021 തിരുവല്ല ... കാര്യാലയത്തിൽ നിന്ന് ഡിവിഡി ഏറ്റുവാങ്ങേണ്ടതാണ്. ജി.വി.ഓ.